**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 592** **13-10-2026-ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കൂടുതൽ ഉപഭോക്താക്കളുള്ള കെ.എസ്.ഇ.ബി.യുടെ ചങ്ങനാശ്ശേരി ഡിവിഷനിൽ നിലവിലുള്ള 66 കെ.വി.സബ്സ്റ്റേഷന്റെ ശേഷി, വർദ്ധിച്ചുവരുന്ന ഉപഭോഗത്തിന് അപര്യാപ്തമാണെന്നും എം.സി. റോഡിന്റെ ഇരുവശങ്ങളിലുമുള്ള വ്യാപാര സ്ഥാപനങ്ങൾ, കോളേജുകൾ, പുതിയ മാളുകൾ, എയർകണ്ടീഷണറുകളുടെയും സോളാർ പ്ലാന്റുകളുടെയും വർദ്ധിച്ച ഉപയോഗം എന്നിവ കാരണം വോൾട്ടേജ് ക്ഷാമവും വൈദ്യുതി വാഹക ശേഷിയുടെ കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** കുറിച്ചിയിൽ പുതിയ സബ്സ്റ്റേഷനായി ഒരേക്കർ ഭൂമി കെ.എസ്.ഇ.ബി. കണ്ടെത്തി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ ഭരണപരമായ തടസ്സങ്ങൾ നീക്കി അനുമതി നൽകുന്നതിനും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പുതിയ കണക്ഷൻ നൽകുന്നതിലെ തടസ്സങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ചങ്ങനാശ്ശേരി, കുറിച്ചി, തെങ്ങണ, തൃക്കോടിത്താനം പ്രദേശത്ത് വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യകത പരിഗണിച്ച് കുറിച്ചിയിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സാങ്കേതിക പഠനത്തിൽ വ്യക്തമായിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി ഏകദേശം 22 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കി തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) ന്റെ അംഗീകാരത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

DPR-ന് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച്, സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**(സി)** ചെത്തിപ്പുഴയിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി.ആയി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും കിടങ്ങറയ്ക്ക് സമീപം മുട്ടാറിലെ 33 കെ.വി. സബ്സ്റ്റേഷന്റെ പണികൾ പൂർത്തീകരിക്കുന്നതിനും എ.സി. റോഡ്, പൂവ്വം, പറാൽ, വെട്ടിത്തുരുത്ത് തുടങ്ങിയ പടിഞ്ഞാറൻ മേഖലകളിലെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനുമുള്ള പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

<u>**മറുപടി:**</u> ചങ്ങനാശ്ശേരി സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി.യിൽ നിന്ന് 110 കെ.വി. ആയി വർദ്ധിപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിനായി 15.4 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നിലവിലുള്ള 30 എം.വി.എ. സ്ഥാപിത ശേഷി നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് 40 എം.വി.എ. ആയി ഉയരുന്നതാണ്. ഇതിന്റെ ഭാഗമായി 66 കെ.വി. പള്ളം - മാവേലിക്കര ലൈൻ 110 കെ.വി. ആയി ഉയർത്തുന്നതിന്റെ ആദ്യഘട്ടമായി മാവേലിക്കര - തിരുവല്ല ഭാഗത്തെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കിടങ്ങറ (മുട്ടാർ) 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്.കിടങ്ങറ (മുട്ടാർ) 33 കെ.വി. ലൈനിന്റെ നിർമ്മാണം 100% ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് സബ് സ്റ്റേഷൻ ചാർജ്ജ് ചെയ്യാൻ സാധിക്കുന്നതാണ്.

**(ഡി)** കെ.എസ്.ഇ.ബി. ജീവനക്കാരുടെ പ്രവർത്തനം കൂടുതൽ സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഡിവിഷനുകളിലേക്ക് സ്കൈലിഫ്റ്റ് അടിയന്തരമായി അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

<u>**മറുപടി:**</u> ചങ്ങനാശ്ശേരി ഡിവിഷൻ ഉൾപ്പെടുന്ന കോട്ടയം സർക്കിളിന് നിലവിൽ സ്കൈലിഫ്റ്റ് ഉണ്ട്. ഡിവിഷൻ തലത്തിൽ സ്കൈലിഫ്റ്റ് നൽകുന്നത് ബോർഡിന്റെ പരിഗണനയിലുണ്ട്.

**(ഇ)** ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി വിതരണ ശൃംഖല കൂടുതൽ ശക്തമാക്കുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പഴക്കം ചെന്ന പോസ്റ്റുകളും ലൈനുകളും മാറ്റിസ്ഥാപിക്കുന്നതിനും ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി തീർക്കുന്നതിനും നടപ്പു വർഷം എന്തൊക്കെ പ്രത്യേക പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് കണക്കുകൾ സഹിതം മറുപടി നൽകാമോ?

<u>**മറുപടി:**</u> വൈദ്യുതി വിതരണ ശൃംഖല കൂടുതൽ ശക്തമാക്കുന്നതിനും, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പഴക്കം ചെന്ന പോസ്റ്റുകളും, ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനും, ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി തീർക്കുന്നതിനും, നടപ്പു വർഷം ദ്യുതി - 2, RDSS പദ്ധതികളിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നടന്നു വരുന്നു.

<u>**ഈ പദ്ധതിയിൽ ഉൾപ്പെടുന്നവ**</u>

1. New Transformer - 14 Nos.

2. New HT Reconducting - 9 Kms

3. New HT ABC - 25.2 Km

4. LT ABC - 35.34 Km

<u>**പദ്ധതികളുടെ എസ്റ്റിമേറ്റ് തുക**</u>

1. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള തുക - 67.07 Lakhs

2. നിലവിലുള്ള എൽ.ടി ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും, പുതിയ ലൈനുകൾ വലിക്കുന്നതിനും - 429. 17 Lakhs

3. നിലവിലുള്ള HT ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും, പുതിയ ലൈനുകൾ വലിക്കുന്നതിനും - 84.88 Lakhs

4. RDSS Work (HT) - 486. 63 Lakhs

5. Transformer Enhancement - 12.82 Lakhs

**സെക്ഷൻ ഓഫീസർ**